ഭാരത സർക്കാർ

നിയമ മന്ത്രാലയം

# അതിർത്തി നിർണ്ണയ ആക്റ്റ്, 2002

## (2002-ലെ 33-ാം നമ്പർ ആക്റ്റ്)

(2006 ഒക്ടോബർ 25-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE DELIMITATION ACT, 2002

## (ACT No. 33 OF 2002)

(As on 25th October, 2006)

വില : രൂപ 27.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2009

## ആമുഖം

2006 ഒക്ടോബർ 25-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള അതിർത്തി നിർണ്ണയ ആക്റ്റ്, 2002 (2002-ലെ 33-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 ജനുവരി 27-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 8 മുതൽ 14 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**ഡോ. കെ. എൻ. ചതുർവേദി,**
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Delimitation Act, 2002 (Act No. 33 of 2002) as on 25th October, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, section 1, Vol. 1, No. 1 dated 27th January, 2007 on pages 8 to 14.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/4474/2010

# അതിർത്തി നിർണ്ണയ ആക്റ്റ്, 2002

(2002-ലെ 33-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേര് | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | അതിർത്തി നിർണ്ണയ കമ്മീഷൻ രൂപീകരിക്കൽ | 1 |
| 4. | കമ്മീഷന്റെ ചുമതലകൾ | 2 |
| 5. | അസോസിയേറ്റ് അംഗങ്ങൾ | 2 |
| 6. | യാദൃച്ഛിക ഒഴിവുകൾ | 3 |
| 7. | കമ്മീഷന്റെ നടപടിക്രമവും അധികാരങ്ങളും | 3 |
| 8. | സീറ്റുകളുടെ എണ്ണം പുനഃക്രമീകരണം ചെയ്യൽ | 4 |
| 9. | നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കൽ | 4 |
| 10. | ഉത്തരവുകളുടെ പ്രസിദ്ധീകരണവും അവ നടപ്പിൽ വരുന്ന തീയതിയും | 5 |
| 11. | അതിർത്തി നിർണ്ണയ ഉത്തരവുകൾ നാളിതുവരെയുള്ള വിവരങ്ങൾ ചേർത്ത് സൂക്ഷിക്കുവാനുള്ള അധികാരം | 6 |
| 12. | റദ്ദാക്കൽ | 6 |

# അതിർത്തി നിർണ്ണയ ആക്റ്റ്, 2002
## (2002-ലെ 33-ാം നമ്പർ ആക്റ്റ്)

[2002 ജൂൺ, 3]

സംസ്ഥാനങ്ങളിലെ ലോകസഭയിലേക്കുള്ള സീറ്റുകളും ഓരോ സംസ്ഥാന നിയമസഭകളി
ലേക്കുമുള്ള ആകെ സീറ്റുകളും വിഭജനം നടത്തുന്നതിനും പുനഃക്രമീകരണം
നടത്തുന്നതിനും ഓരോ സംസ്ഥാനത്തെയും നിയമസഭ ഉള്ള ഓരോ
യൂണിയൻ പ്രദേശത്തെയും ലോകസഭയിലേക്കും സംസ്ഥാന
നിയമസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾക്കുമായി
പ്രാദേശിക നിയോജകമണ്ഡലങ്ങളായി വിഭ
ജിക്കുന്നതിനും അതുമായി ബന്ധപ്പെട്ട
തുമായ കാര്യങ്ങൾ വ്യവസ്ഥ
ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിമൂന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് അതിർത്തി നിർണ്ണയ ആക്റ്റ്, 2002 എന്ന് പേർ പറയാവുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അനുച്ഛേദം" എന്നാൽ ഭരണഘടനയുടെ അനുച്ഛേദം എന്നർത്ഥമാകുന്നു;

(ഖ) "അസോസിയേറ്റ് അംഗം" എന്നാൽ 5-ാം വകുപ്പുപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം എന്നർത്ഥമാകുന്നു;

(ഗ) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട അതിർത്തി നിർണ്ണയ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഘ) "തെരഞ്ഞെടുപ്പ് കമ്മീഷൻ" എന്നാൽ 324-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ങ) "അംഗം" എന്നാൽ കമ്മീഷനിലെ അംഗം എന്നർത്ഥമാകുന്നതും, അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതും ആകുന്നു;

(ച) "സംസ്ഥാനം" എന്നതിൽ നിയമസഭയുള്ള യൂണിയൻ പ്രദേശം ഉൾപ്പെടുന്നതും, എന്നാൽ ജമ്മു-കാശ്മീർ സംസ്ഥാനം ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

3. അതിർത്തി നിർണ്ണയ കമ്മീഷൻ രൂപീകരിക്കൽ.—ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, കഴിവതുംവേഗം, കേന്ദ്രസർക്കാർ അതിർത്തി നിർണ്ണയ കമ്മീഷൻ എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കേണ്ടതും, അതിൽ താഴെപ്പറയുന്ന മൂന്ന് അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതുമാകുന്നു:—

(ക) ഒരംഗം, കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടുന്ന സുപ്രീംകോടതി ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ഒരാൾ ആയിരിക്കേണ്ടതും, അദ്ദേഹം കമ്മീഷന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും ആകുന്നു;

(ഖ) മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറോ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു തെരഞ്ഞെടുപ്പ് കമ്മീഷണറോ, *എക്സ് ഒഫിഷ്യോ*:

എന്നാൽ, ഈ ഖണ്ഡപ്രകാരം ഒരു തെരഞ്ഞെടുപ്പ് കമ്മീഷണറെ അംഗമായി നാമനിർദ്ദേശം ചെയ്തതിനുശേഷം 6-ാം വകുപ്പുപ്രകാരം അങ്ങനെയുള്ള അംഗത്തിന്റെ ആകസ്മിക ഒഴിവ് നികത്തുന്ന തൊഴികെ, യാതൊരു തുടർ നാമനിർദ്ദേശവും ഈ ഖണ്ഡപ്രകാരം നടത്താവുന്നതല്ല;

(ഗ) ബന്ധപ്പെട്ട സംസ്ഥാനത്തിലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, *എക്സ് ഒഫിഷ്യോ*;

[1]വിശദീകരണം.—(ഗ) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി, ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എന്നതിന്,—

---

[1] 2004-ലെ 3-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(i) ഒരു സംസ്ഥാനവുമായി (മേഘാലയ, മിസ്സോറാം, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങൾ ഒഴികെ) ബന്ധപ്പെട്ട കമ്മീഷന്റെ ചുമതലകളുടെ സംഗതിയിൽ, അനുച്ഛേദം 243 ട (1)-ാം ഖണ്ഡ പ്രകാരം ആ സംസ്ഥാനത്തെ ഗവർണ്ണറാൽ നിയമിക്കപ്പെട്ട സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എന്നർത്ഥമാകുന്നതും;

(ii) മേഘാലയ സംസ്ഥാനവുമായോ മിസ്സോറാം സംസ്ഥാനവുമായോ, നാഗാലാന്റ് സംസ്ഥാനവുമായോ, അതതു സംഗതിപോലെ, ബന്ധപ്പെട്ട കമ്മീഷന്റെ ചുമതലകളുടെ സംഗതിയിൽ, അങ്ങനെയുള്ള ആവശ്യങ്ങൾക്കായി ആ സംസ്ഥാനത്തെ ഗവർണ്ണറാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ എന്നർത്ഥമാകുന്നതും,

ആകുന്നു.

4. കമ്മീഷന്റെ ചുമതലകൾ.—(1) 1971-ാം ആണ്ടിൽ നടത്തിയ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയ പ്രകാരമുള്ള കാനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിൽ, അതിർത്തി നിർണ്ണയ ആക്റ്റ്, 1972 (1972-ലെ 76)-ന്റെ 3-ാം വകുപ്പുപ്രകാരം രൂപീകൃതമായ അതിർത്തി നിർണ്ണയ കമ്മീഷൻ, ലോകസഭയിൽ വിവിധ സംസ്ഥാനങ്ങൾക്കുള്ള സീറ്റുകൾ വിഭജിച്ച് കൊടുത്തുകൊണ്ടും ഓരോ സംസ്ഥാന നിയമസഭയിലുമുള്ള മൊത്തം സീറ്റുകളുടെ എണ്ണം തിട്ടപ്പെടുത്തിക്കൊണ്ടും നടത്തിയ പുനഃക്രമീകരണം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കമ്മീഷൻ നടത്തിയ പുനഃക്രമീകരണമായി കരുതപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കും തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതൊരു നിയമത്തിനും വിധേയമായും, കമ്മീഷൻ, ലോകസഭയിലേക്കും സംസ്ഥാന നിയമസഭയിലേക്കുമുള്ള തെരഞ്ഞെടുപ്പുകളുടെ ആവശ്യത്തിനായി, ഓരോ സംസ്ഥാനത്തെയും പ്രാദേശിക നിയോജകമണ്ഡലങ്ങളായുള്ള വിഭജനം [1]2001-ാം ആണ്ടിൽ നടത്തിയ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയ പ്രകാരമുള്ള കാനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം നടത്തേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള പുനഃക്രമീകരണത്തെ തുടർന്ന് ഒരു സംസ്ഥാനത്തിന് ലോകസഭയിൽ ഒരു സീറ്റുമാത്രം വിഭജിച്ച് കൊടുക്കപ്പെടുന്നിടത്ത്, ആ സംസ്ഥാനത്തുനിന്നും ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകളുടെ ആവശ്യത്തിലേക്കായി ആ സംസ്ഥാനം ആകെത്തന്നെ ഒരു പ്രാദേശിക നിയോജകമണ്ഡലമായി രൂപപ്പെടുന്നതാണ്.

5. അസോസിയേറ്റ് അംഗങ്ങൾ.—(1) കമ്മീഷൻ ഓരോ സംസ്ഥാനവുമായി ബന്ധപ്പെട്ട അതിന്റെ കർത്തവ്യങ്ങളിൽ സഹായിക്കുന്നതിനായി പത്ത് വ്യക്തികളെ കൂടെ സഹകരിപ്പിക്കേണ്ടതും, അതിൽ അഞ്ചുപേർ, ആ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന ലോകസഭാ അംഗങ്ങളായിരിക്കേണ്ടതും, അഞ്ചുപേർ ആ സംസ്ഥാനത്തെ നിയമസഭാംഗങ്ങൾ ആയിരിക്കേണ്ടതും ആണ്:

എന്നാൽ, ഏതെങ്കിലും സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന ലോകസഭാംഗങ്ങളുടെ എണ്ണം അഞ്ചോ അതിൽ താഴെയോ ആകുന്നിടത്ത്, അങ്ങനെയുള്ള എല്ലാ അംഗങ്ങളും ആ സംസ്ഥാനത്തിനായുള്ള അസോസിയേറ്റ് അംഗങ്ങളായിരിക്കുന്നതും രണ്ടാമത്തെ സംഗതിയിൽ, എത്ര എണ്ണത്താലാണോ ആ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന ലോകസഭാംഗങ്ങളുടെ മൊത്തം എണ്ണം അഞ്ചിൽ താഴെയാകുന്നത്, അങ്ങനെയുള്ള എണ്ണവും ചേർത്ത് മൊത്തം അസോസിയേറ്റ് അംഗങ്ങളുടെ എണ്ണം പത്തിൽ താഴെ ആയിരിക്കേണ്ടതും ആകുന്നു.

(2) ഓരോ സംസ്ഥാനത്തുനിന്നും അപ്രകാരം സഹകരിക്കപ്പെടേണ്ട വ്യക്തികളെ, ലോകസഭാംഗങ്ങളുടെ കാര്യത്തിൽ, ലോകസഭാ സ്പീക്കറും, നിയമസഭാംഗങ്ങളുടെ കാര്യത്തിൽ, നിയമസഭാ സ്പീക്കറും, ലോകസഭയുടെ അല്ലെങ്കിൽ നിയമസഭയുടെ, അതതു സംഗതിപോലെ, ഘടനയ്ക്ക് വേണ്ടത്ര പരിഗണന നൽകിക്കൊണ്ട്, നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം നടത്തേണ്ട പ്രഥമ നാമനിർദ്ദേശങ്ങൾ—

(ക) ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ ഒരു മാസത്തിനകം വിവിധ നിയമസഭാ സ്പീക്കർമാരും, രണ്ടു മാസത്തിനകം ലോകസഭാ സ്പീക്കറും നടത്തേണ്ടതും;

(ഖ) മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെയും, നിയമസഭാ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന സംഗതിയിൽ, ലോകസഭാ സ്പീക്കറെക്കൂടിയും അറിയിക്കേണ്ടതും,

ആകുന്നു.

(4) അസോസിയേറ്റ് അംഗങ്ങളിൽ യാതൊരാൾക്കും കമ്മീഷന്റെ ഏതെങ്കിലും തീരുമാനത്തിൻമേൽ വോട്ടുചെയ്യുവാനോ ഒപ്പ് രേഖപ്പെടുത്തുവാനോ അവകാശം ഉണ്ടായിരിക്കുന്നതല്ല.

(5) കമ്മീഷന്—

(ക) ഭാരത രജിസ്ട്രാർ-ജനറലും സെൻസസ് കമ്മീഷണറും അഥവാ അദ്ദേഹത്തിന്റെ നോമിനിയോ; അല്ലെങ്കിൽ

---

[1]2004-ലെ 3-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(ഖ) ഭാരത സർവ്വേയർ ജനറൽ അഥവാ അദ്ദേഹത്തിന്റെ നോമിനിയോ; അല്ലെങ്കിൽ

(ഗ) കേന്ദ്ര സർക്കാരിന്റെ അഥവാ സംസ്ഥാന സർക്കാരിന്റെ മറ്റേതെങ്കിലും ആഫീസർ; അല്ലെങ്കിൽ

(ഘ) ഭൂമിശാസ്ത്ര വിവര സമ്പ്രദായത്തിൽ വിദഗ്ദ്ധനായ ഏതെങ്കിലും വ്യക്തി; അല്ലെങ്കിൽ

(ങ) മറ്റേതെങ്കിലും വ്യക്തി,

ഇവരിൽ ആരുടെ വൈദഗ്ദ്ധ്യവും ജ്ഞാനവുമാണ്, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും ലഭ്യമാകുന്ന സഹായത്തിനുപരിയായി കമ്മീഷൻ ആവശ്യമെന്ന് കരുതുന്നത്, അവരോട് സഹായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുവാൻ അധികാരമുണ്ടായിരിക്കുന്നതും അപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള ആഫീസർമാരും വ്യക്തികളും കമ്മീഷനെ സഹായിക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

(6) തെരഞ്ഞെടുപ്പ് കമ്മീഷന്റെ സെക്രട്ടറി, കമ്മീഷന്റെ *എക്സ് ഒഫിഷ്യോ* സെക്രട്ടറി ആയിരിക്കുന്നതും അദ്ദേഹത്തിന്റെ ചുമതലകൾ കമ്മീഷന്റെ ചെയർപേഴ്സന്റെ മേൽനോട്ടത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷനിലെ ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി നിർവ്വഹിക്കേണ്ടതുമാകുന്നു.

6. യാദൃച്ഛിക ഒഴിവുകൾ.—ചെയർപേഴ്സന്റെയോ ഒരംഗത്തിന്റെയോ അല്ലെങ്കിൽ ഒരു അസോസിയേറ്റ് അംഗത്തിന്റെയോ ഉദ്യോഗത്തിൽ, അദ്ദേഹത്തിന്റെ മരണമോ അല്ലെങ്കിൽ രാജിയോ കാരണത്താൽ ഒഴിവ് ഉണ്ടാകുന്നപക്ഷം, അത് കേന്ദ്ര സർക്കാരോ അല്ലെങ്കിൽ ബന്ധപ്പെട്ട സ്പീക്കറോ 3-ാം വകുപ്പിലെയോ അല്ലെങ്കിൽ, അതതു സംഗതിപോലെ, 5-ാം വകുപ്പിലെയോ വ്യവസ്ഥകൾ പ്രകാരവും അവയ്ക്കനുസൃതമായും പ്രായോഗികമാകുന്നത്ര വേഗം നികത്തേണ്ടതാണ്.

7. കമ്മീഷന്റെ നടപടിക്രമവും അധികാരങ്ങളും.—(1) കമ്മീഷൻ അതിന്റെ സ്വന്തം നടപടിക്രമം നിശ്ചയിക്കേണ്ടതും, അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ, ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച്, അതായത്:—

(ക) സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കുന്നതിനും;

(ഖ) ഏതെങ്കിലും രേഖ ഹാജരാക്കുവാൻ ആവശ്യപ്പെടുന്നതിനും;

(ഗ) ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖ ആവശ്യപ്പെടുന്നതിനും,

സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻകീഴിൽ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന ഏതെങ്കിലും കാര്യത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആയേക്കാമെന്ന് കമ്മീഷന് അഭിപ്രായമുള്ളതായ അങ്ങനെയുള്ള പ്രശ്നങ്ങളെയോ കാര്യങ്ങളെയോ സംബന്ധിച്ച് എന്തെങ്കിലും വിവരം ഹാജരാക്കുവാൻ ഏതൊരാളോടും ആവശ്യപ്പെടുവാനുള്ള അധികാരം കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്.

(3) കമ്മീഷന്, (1)-ാം ഉപവകുപ്പ് (ക) മുതൽ (ഗ) വരെയുള്ള ഖണ്ഡങ്ങളാലും (2)-ാം ഉപവകുപ്പിനാലും അതിന് നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരം വിനിയോഗിക്കുവാൻ അതിന്റെ ഏതെങ്കിലും അംഗങ്ങളെ അധികാരപ്പെടുത്താവുന്നതും, അതിലേക്കായി കമ്മീഷണറാൽ അധികാരപ്പെടുത്തപ്പെട്ട അംഗം ആ അധികാരങ്ങളിൽ ഏതെങ്കിലും വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ അല്ലെങ്കിൽ ചെയ്ത പ്രവൃത്തിയോ, അതതു സംഗതിപോലെ, കമ്മീഷന്റെ ഉത്തരവോ അല്ലെങ്കിൽ പ്രവൃത്തിയോ ആയി കരുതപ്പെടേണ്ടതും ആകുന്നു.

(4) അംഗങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസമുള്ളപക്ഷം, ഭൂരിപക്ഷാഭിപ്രായത്തിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതും, കമ്മീഷന്റെ പ്രവൃത്തികളും ഉത്തരവുകളും ഭൂരിപക്ഷാഭിപ്രായമനുസരിച്ച് പ്രകടിപ്പിക്കേണ്ടതും ആകുന്നു.

(5) കമ്മീഷനും അതുപോലെതന്നെ ഏതൊരു അസോസിയേറ്റ് അംഗങ്ങളുടെ ഗണത്തിനും, ഒരു അംഗത്തിന്റെയോ അസോസിയേറ്റ് അംഗത്തിന്റെയോ താൽക്കാലിക അസാന്നിദ്ധ്യമോ കമ്മീഷനിലോ അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങളുടെ ഗണത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഗണത്തിലോ ഉള്ള ഒഴിവോ ഉണ്ടായിരുന്നാൽ തന്നെയും, പ്രവർത്തിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും; അങ്ങനെയുള്ള താൽക്കാലിക അസാന്നിദ്ധ്യമോ അല്ലെങ്കിൽ അങ്ങനെയുള്ള ഒഴിവോ കൊണ്ടുമാത്രം

കമ്മീഷന്റെയോ അല്ലെങ്കിൽ ഏതെങ്കിലും അസോസിയേറ്റ് അംഗങ്ങളുടെയോ യാതൊരു പ്രവൃത്തിയോ അല്ലെങ്കിൽ നടപടിയോ അസാധുവാകുന്നതല്ലാത്തതോ അഥവാ ചോദ്യം ചെയ്യാൻ പാടില്ലാത്തതോ ആകുന്നതും ആണ്.

(6) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ 345-ഉം 346-ഉം വകുപ്പുകളുടെ ആവശ്യങ്ങൾക്കായി കമ്മീഷൻ ഒരു സിവിൽ കോടതിയായി കരുതപ്പെടുന്നതാണ്.

*വിശദീകരണം.*—സാക്ഷികളെ ഹാജരാക്കുന്നതിനുള്ള ആവശ്യങ്ങളിലേക്കായി, കമ്മീഷന്റെ പ്രാദേശിക അധികാര പരിധി ഭാരത പ്രദേശത്തിന്റെ പരിധി ആയിരിക്കുന്നതാണ്.

8. സീറ്റുകളുടെ എണ്ണം പുനഃക്രമീകരണം ചെയ്യൽ.—81, 170, 330, 332 എന്നീ അനുച്ഛേദങ്ങളും, ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹി ഒഴികെയുള്ള യൂണിയൻ പ്രദേശങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ് ഓഫ് യൂണിയൻ ടെറിറ്ററീസ് ആക്റ്റ്, 1963 (1963-ലെ 20)-ലെ 3-ഉം 39-ഉം വകുപ്പുകളും, ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ കാര്യത്തിൽ അനുച്ഛേദം 239 ക ക യുടെ (2)-ാം ഖണ്ഡം (ഖ) ഉപഖണ്ഡവുംകൂടി കണക്കിലെടുത്തുകൊണ്ട്, കമ്മീഷൻ, ഉത്തരവു മുഖേന,—

(ക) 1971-ാം ആണ്ടിൽ നടത്തിയ കാനേഷുമാരിയിൽ കണക്കാക്കിയ പ്രകാരമുള്ള കാനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിലും 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായും, ഓരോ സംസ്ഥാനത്തിനും ലോകസഭയിൽ വീതിച്ചു നൽകേണ്ട സീറ്റുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതും [1] 2001-ാം ആണ്ടിൽ നടത്തിയ കാനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി സീറ്റുകൾ വല്ലതും സംവരണം ചെയ്യപ്പെടേണ്ടതുണ്ടെങ്കിൽ അതിന്റെ എണ്ണം നിർണ്ണയിക്കേണ്ടതും;

(ഖ) 1971-ാം ആണ്ടിൽ നടത്തിയ കാനേഷുമാരിയിൽ കണക്കാക്കിയപ്രകാരമുള്ള കാനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിലും 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായും, ഒരോ സംസ്ഥാന നിയമസഭകൾക്കുമായി നിജപ്പെടുത്തേണ്ടതും മൊത്തം സീറ്റുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതും [2] 2001-ാം ആണ്ടിൽ നടത്തിയ കാനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി സംവരണം ചെയ്യപ്പെടേണ്ടതായ സീറ്റുകൾ വല്ലതും ഉണ്ടെങ്കിൽ അതിന്റെ എണ്ണം നിർണ്ണയിക്കേണ്ടതും,

ആകുന്നു:

എന്നാൽ, ഏതെങ്കിലും സംസ്ഥാന നിയമസഭയ്ക്കായി (ഖ) ഖണ്ഡപ്രകാരം നിജപ്പെടുത്തിയ സീറ്റുകളുടെ മൊത്തം എണ്ണം ആ സംസ്ഥാനത്തിനായി ലോകസഭയിൽ വീതിച്ചു നൽകിയ സീറ്റുകളുടെ എണ്ണത്തിന്റെ പൂർണ്ണ ഗുണിതം ആയിരിക്കേണ്ടതാണ്.

9. നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കൽ.—(1) കമ്മീഷൻ, ഇതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഓരോ സംസ്ഥാനത്തിനും നൽകിയിട്ടുള്ള ലോകസഭാ സീറ്റുകൾ വിഭജനം നടത്തേണ്ടതും, 1971-ലെ കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ ഏകാംഗ പ്രാദേശിക നിയോജക മണ്ഡലമായി പുനഃക്രമീകരണം നടത്തിയിട്ടുള്ള പ്രകാരമുള്ളതും ഓരോ സംസ്ഥാനത്തിനും നീക്കി വച്ചിട്ടുള്ളതുമായ നിയമസഭാ സീറ്റുകൾ [3] 2001-ാമാണ്ടിൽ നടത്തിയ കാനേഷുമാരിയിൽ നിർണ്ണയിച്ചിട്ടുള്ള കാനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിലും ഭരണഘടനാ വ്യവസ്ഥകളും, ആക്റ്റിലെ 8-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളും ഇതിനെ തുടർന്നുള്ളതുമായ വ്യവസ്ഥകളും, കണക്കിലെടുത്തുകൊണ്ട് പുനർവിഭജനം നടത്തേണ്ടതാണ്, അതായത്:—

(ക) എല്ലാ നിയോജകമണ്ഡലങ്ങളും പ്രായോഗികമാവുന്നിടത്തോളം ഭൂമിശാസ്ത്രപരമായി ചേർന്നിരിക്കുന്ന പ്രദേശങ്ങളായിരിക്കേണ്ടതും അവയുടെ അതിർത്തി നിർണ്ണയിക്കുമ്പോൾ ഭൗതിക ഘടകങ്ങൾക്കും, ഭരണപരമായ ഘടകങ്ങളുടെ നിലവിലുള്ള അതിർത്തികൾക്കും, വാർത്താവിനിമയ സൗകര്യങ്ങൾക്കും പൊതു സൗകര്യങ്ങൾക്കും പരിഗണന കൊടുക്കേണ്ടതും;

(ഖ) ഓരോ നിയമസഭാ നിയോജകമണ്ഡലങ്ങളും മുഴുവനായി ഒരു പാർലമെന്ററി നിയോജക മണ്ഡലത്തിൽ വരത്തക്കവിധം അതിർത്തി നിർണ്ണയം ചെയ്യേണ്ടതും;

---

[1] 2004-ലെ 3-ാം നമ്പർ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

[2] മേല്പറഞ്ഞ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

[3] മേല്പറഞ്ഞ ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(ഗ) പട്ടികജാതിക്കാർക്കായി സീറ്റുകൾ സംവരണം ചെയ്യപ്പെടുന്ന നിയോജകമണ്ഡലങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കൊടുക്കേണ്ടതും പ്രായോഗികമാവുന്നിടത്തോളം, മൊത്തത്തിലുള്ള അവരുടെ ജനസംഖ്യാനുപാതം താരതമ്യേന കൂടുതലുള്ള പ്രദേശങ്ങളിൽതന്നെ ആയിരിക്കേണ്ടതും;

(ഘ) പട്ടികവർഗ്ഗക്കാർക്കായി സീറ്റുകൾ സംവരണം ചെയ്യപ്പെടുന്ന നിയോജകമണ്ഡലങ്ങൾ, പ്രായോഗികമാവുന്നിടത്തോളം, മൊത്തത്തിലുള്ള അവരുടെ ജനസംഖ്യാനുപാതം ഏറ്റവും കൂടുതലായിട്ടുള്ള പ്രദേശങ്ങളിൽ ആയിരിക്കേണ്ടതും,

ആണ്.

(2) കമ്മീഷൻ—

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയത്തിനായുള്ള അതിന്റെ നിർദ്ദേശങ്ങൾ, ഏതെങ്കിലും അസോസിയേറ്റ് അംഗം പ്രസിദ്ധീകരണം അഭിലഷിക്കുന്നതായ ഭിന്ന നിർദ്ദേശങ്ങൾ വല്ലതും ഉണ്ടെങ്കിൽ അതും സഹിതം ഭാരത ഗസറ്റിലും ബന്ധപ്പെട്ട എല്ലാ സംസ്ഥാനങ്ങളുടെയും ഔദ്യോഗിക ഗസറ്റുകളിലും, കൂടാതെ, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് രീതിയിലും പ്രസിദ്ധീകരിക്കേണ്ടതാണ്;

(ഖ) നിർദ്ദേശങ്ങൾ അത് തുടർന്ന് പരിഗണിക്കേണ്ടത് ഏത് തീയതിയിൽ അല്ലെങ്കിൽ അതിനുശേഷമാണെന്ന് വിനിർദ്ദേശിക്കേണ്ടതാണ്;

(ഗ) അങ്ങനെ വിനിർദ്ദേശിച്ച തീയതിക്ക് മുമ്പ് അതിന് ലഭിച്ചിട്ടുണ്ടായിരിക്കാവുന്ന എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും, അങ്ങനെയുള്ള പരിഗണനയുടെ ആവശ്യങ്ങളിലേക്കായി ഓരോ സംസ്ഥാനത്തിനും അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സ്ഥലത്തോ സ്ഥലങ്ങളിലോ ഒന്നോ അതിലധികമോ പൊതു സിറ്റിംഗുകൾ നടത്തേണ്ടതുമാണ്;

(ഘ) അതിനുശേഷം ഒന്നോ അതിലധികമോ ഉത്തരവുകൾ മുഖേന ഓരോ സംസ്ഥാനത്തിന്റെയും—

(i) പാർലമെന്ററി നിയോജകമണ്ഡലങ്ങളുടെ അതിർത്തിയും,

(ii) നിയമസഭാ നിയോജകമണ്ഡലങ്ങളുടെ അതിർത്തിയും നിർണ്ണയിക്കേണ്ടതാണ്.

10. <u>ഉത്തരവുകളുടെ പ്രസിദ്ധീകരണവും അവ നടപ്പിൽ വരുന്ന തീയതിയും.</u>—(1) കമ്മീഷൻ, 8-ാം വകുപ്പോ അല്ലെങ്കിൽ 9-ാം വകുപ്പോ പ്രകാരം നടത്തിയ അതിന്റെ ഓരോ ഉത്തരവുകളും ഭാരത ഗസറ്റിലും ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഔദ്യോഗിക ഗസറ്റുകളിലും പ്രസിദ്ധപ്പെടുത്തുവാൻ ഹേതുവാകേണ്ടതും അതോടൊപ്പംതന്നെ അങ്ങനെയുള്ള ഉത്തരവുകൾ ചുരുങ്ങിയത് രണ്ട് പ്രാദേശിക ഭാഷാ വർത്തമാന പത്രങ്ങളിലെങ്കിലും പ്രസിദ്ധപ്പെടുത്തുവാൻ ഇടയാക്കേണ്ടതും റേഡിയോയിലും ടെലിവിഷനിലും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മറ്റ് സാദ്ധ്യമായ മാധ്യമങ്ങളിലും പ്രചരണം കൊടുക്കേണ്ടതും, ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഔദ്യോഗിക ഗസറ്റുകളിൽ അങ്ങനെയുള്ള പ്രസിദ്ധീകരണത്തിനുശേഷം, ഓരോ ജില്ലാ തെരഞ്ഞെടുപ്പ് ആഫീസറും അദ്ദേഹത്തിന്റെ അധികാര പരിധിയിലുള്ള പ്രദേശം സംബന്ധിച്ചുള്ള അങ്ങനെയുള്ള ഉത്തരവുകളുടെ ഗസറ്റ് പതിപ്പ് പൊതുജന ശ്രദ്ധയ്ക്കായി അദ്ദേഹത്തിന്റെ ആഫീസിൽ കാണത്തക്ക ഭാഗത്ത് പതിപ്പിക്കേണ്ടതും ആണ്.

(2) ഭാരത ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം, അങ്ങനെയുള്ള ഓരോ ഉത്തരവിനും നിയമ പ്രാബല്യം ഉണ്ടായിരിക്കുന്നതും ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(3) അങ്ങനെയുള്ള പ്രസിദ്ധീകരണത്തിനുശേഷം, കഴിവതുംവേഗം, അങ്ങനെയുള്ള ഓരോ ഉത്തരവും ലോകസഭയുടേയും ബന്ധപ്പെട്ട നിയമസഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

(4) (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിൽ വ്യവസ്ഥചെയ്തിരിക്കുന്ന പ്രകാരം ഒരു സംസ്ഥാനത്തിലെ വിവിധ പ്രാദേശിക നിയോജകമണ്ഡലങ്ങളുടെ ലോകസഭയിലോ നിയമസഭയിലോ ഉള്ള പ്രാതിനിധ്യത്തിന്റെ പുനഃക്രമീകരണവും ആ നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയവും, ആ ഉത്തരവ് ഭാരത ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം, അതതു സംഗതിപോലെ, ലോകസഭയിലേക്കോ നിയമസഭയിലേക്കോ നടത്തുന്ന ഓരോ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളവും ബാധകമായിരിക്കുന്നതും, അങ്ങനെയുള്ള പ്രാതിനിധ്യവും അതിർത്തി നിർണ്ണയവും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാവുന്നിടത്തോളം അങ്ങനെയുള്ള പ്രാതിനിധ്യവും അതിർത്തി നിർണ്ണയവും സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതൊരു നിയമത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള നിയമത്തിൻ കീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവിലോ വിജ്ഞാപനത്തിലോ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളെ ഉല്ലംഘിച്ചുകൊണ്ട് അപ്രകാരം ബാധകമായിരിക്കുന്നതും ആകുന്നു.

(5) ഈ വകുപ്പിലെ യാതൊന്നുംതന്നെ, ഒരു സംസ്ഥാനത്തിന്റെ ലോകസഭയിലോ നിയമസഭയിലോ ഉള്ള പ്രാതിനിധ്യത്തെ ആ സംസ്ഥാനത്തിലെ പാർലമെന്ററി നിയോജകമണ്ഡലങ്ങളുടെയോ അല്ലെങ്കിൽ, അതതു സംഗതിപോലെ, നിയമസഭാ മണ്ഡലങ്ങളുടെയോ അതിർത്തി നിർണ്ണയം സംബന്ധിച്ച് കമ്മീഷന്റെ അവസാന ഉത്തരവോ ഉത്തരവുകളോ ഭാരത ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിയുടെ അന്ന് നിലവിലുള്ളതായ ലോകസഭയോ, നിയമസഭയോ, അതതു സംഗതിപോലെ, പിരിച്ചുവിടുന്നതുവരേയ്ക്കും, ബാധിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ലോകസഭയിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമസഭയിലോ ഉള്ള ഏതെങ്കിലും ഒഴിവ് നികത്തുന്നതിനായുള്ള ഏതൊരു ഉപതെരഞ്ഞെടുപ്പും (4)-ാം ഉപവകുപ്പിനാൽ അതിലംഘിക്കപ്പെട്ട നിയമങ്ങളിലെയോ ഉത്തരവുകളിലെയോ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത വ്യവസ്ഥകൾ അതിലംഘിക്കപ്പെട്ടിട്ടുണ്ടായിരുന്നിട്ടില്ലായെന്നപോലെ, നടത്തേണ്ടതും ആകുന്നു.

(6) കമ്മീഷൻ, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അതിന്റെ ഓരോ ഉത്തരവുകളും ആ ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം, 3-ാം വകുപ്പുപ്രകാരം കമ്മീഷൻ രൂപീകരിച്ച് രണ്ടു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാനും പ്രസിദ്ധപ്പെടുത്തുവാനും യത്നിക്കേണ്ടതാണ്.

11. <u>അതിർത്തി നിർണ്ണയ ഉത്തരവുകൾ നാളിതുവരെയുള്ള വിവരങ്ങൾ ചേർത്ത് സൂക്ഷിക്കാനുള്ള അധികാരം.</u>—(1) തെരഞ്ഞെടുപ്പ് കമ്മീഷന്, കാലാകാലങ്ങളിൽ, ഭാരത ഗസറ്റിലും ബന്ധപ്പെട്ട സംസ്ഥാന ഔദ്യോഗിക ഗസറ്റിലും വിജ്ഞാപനം മുഖേന,—

(ക) 9-ാം വകുപ്പു പ്രകാരം കമ്മീഷൻ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവുകളിലുള്ള ഏതൊരു അച്ചടിപ്പിശകോ അല്ലെങ്കിൽ അബദ്ധവശാലുള്ള വീഴ്ചയോ വിട്ടുപോകലോ കൊണ്ട് അതിലുണ്ടാകുന്ന ഏതൊരു തെറ്റ് തിരുത്താവുന്നതും;

(ഖ) മേൽപ്പറഞ്ഞ ഉത്തരവുകളിലേതിലെങ്കിലും പറഞ്ഞിട്ടുള്ള ഏതെങ്കിലും ജില്ലയുടെയോ ഏതെങ്കിലും പ്രാദേശിക വിഭാഗത്തിന്റെയോ അതിർത്തികളോ പേരോ വ്യത്യാസപ്പെടുത്തുന്ന സംഗതിയിൽ, ഉത്തരവുകൾ നാളിതുവരെയുള്ള വിവരങ്ങൾ ചേർത്ത് വയ്ക്കുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതായ അങ്ങനെയുള്ള ഭേദഗതികൾ വരുത്താവുന്നതും, അങ്ങനെ ആയിരുന്നാൽത്തന്നെയും അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം മുഖേന ഏതെങ്കിലും നിയോജക മണ്ഡലത്തിന്റെ അതിർത്തികളോ വിസ്തീർണ്ണമോ വ്യാപ്തിയോ മാറ്റുവാൻ പാടില്ലാത്തതും,

ആകുന്നു.

(2) ഈ വകുപ്പു പ്രകാരമുള്ള ഓരോ വിജ്ഞാപനവും, അത് പുറപ്പെടുവിച്ച് കഴിവതുംവേഗം, ലോകസഭയുടെയും ബന്ധപ്പെട്ട സംസ്ഥാന നിയമസഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

12. <u>റദ്ദാക്കൽ.</u>—അതിർത്തി നിർണ്ണയ ആക്റ്റ്, 1972 (1972-ലെ 76) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

## THE DELIMITATION ACT, 2002
## (Act No. 33 of 2002)

**അതിർത്തി നിർണ്ണയ ആക്റ്റ്, 2002**
**(2002-ലെ 33-ാം നമ്പർ ആക്റ്റ്)**

## GLOSSARY

| | | | | | | |
|---|---|---|---|---|---|---|
| 1. | Allocation | — | വിഭജനം നടത്തൽ | — | Long Title |
| 2. | Assigned | — | നിജപ്പെടുത്തിയ | — | Sn. 8 (b) |
| 3. | Compact Areas | — | ചേർന്നിരിക്കുന്ന പ്രദേശങ്ങൾ | — | Sn. 9 (1) (a) |
| 4. | Integral Multiple | — | പൂർണ്ണ ഗുണിതം | — | Sn. 8 (b) Prov. |